മാവേലി സ്റ്റോറുകളും മാവേലി ഹോട്ടലുകളും

76 (4427) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകളിലൂടെ വിൽക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) മാവേലി സ്റ്റോറുകളിൽ വിൽക്കുന്ന നോൺ മാവേലി സാധനങ്ങളുടെ വില പൊതു മാർക്കറ്റിലേക്കാളും കുറയ്ക്കുന്നതിന് സപ്ലൈകോയുടെ കമ്മീഷൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മാവേലി സ്റ്റോറുകളിലൂടെ വിൽക്കുന്ന എല്ലാ ഭക്ഷ്യസാധനങ്ങളുടെയും സൂക്ഷ്മാണുനിരീക്ഷണ പരിശോധന (മൈക്രോബയോളജിക്കൽ) കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ സംയുക്ത മേൽനോട്ടത്തിൽ ഉള്ള കോന്നിയിലെ സി.എഫ്.ആർ.ഡി. ലാബിൽ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ സപ്ലൈകോയുടെ ഗുണനിലവാര പരിശോധന വിഭാഗവും യഥാസമയം, മാവേലിസ്റ്റോറുകളിലെ ഭക്ഷ്യധാന്യങ്ങൾ പരിശോധിക്കുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(ബി) പൊതുവിപണി വില അഥവാ MRP-യിൽനിന്നും കുറച്ചാണ് സപ്ലൈകോ എല്ലാ സാധനങ്ങളും വിറ്റു വരുന്നത്. നോൺ മാവേലി സാധനങ്ങൾ MRP-യിൽനിന്നും ശരാശരി 10 ശതമാനം കുറച്ചാണ് വിൽപ്പന നടത്തുന്നത്. കൂടാതെ FMCG സാധനങ്ങളുടെ കാര്യത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പിൻതുടരുന്ന നയം മറ്റു സ്വകാര്യ കുത്തക മേഖലകളെ കോർപ്പറേഷൻ ചിലവിൽ വളർത്താതിരിക്കുക എന്നതാണ്. ഇപ്പോൾ സിവിൽസപ്ലൈസ് കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുള്ള വില നിർണ്ണയ സംവിധാനം വഴി വിപണിയിലെ വിലകൾ കൂടുതൽ മത്സരസ്വഭാവമുള്ളതാക്കാനും സ്വകാര്യ കുത്തക മേഖലകളെ യഥാർത്ഥമായി വില നിർണ്ണയിക്കാൻ നിർബന്ധിതമാക്കാനും കഴിഞ്ഞിട്ടുണ്ട്. ചില കമ്പനികൾ വലിയ MRP അച്ചടിച്ചതിനുശേഷം കൂടുതൽ ഡിസ്ക്കൗണ്ട് നൽകി ഉപഭോക്താക്കളെയും കോർപ്പറേഷനെയും കബളിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ആവിഷ്കരിച്ചിട്ടുള്ള ശാസ്ത്രീയമായ വിലനിർണ്ണയ സംവിധാനം ഇത്തരത്തിലുള്ള കമ്പനികളെ വലിയ MRP അച്ചടിക്കുന്നതിൽനിന്നും പിന്തിരിപ്പിക്കാനും അതുവഴി അർഹമായ ഡിസ്ക്കൗണ്ട് ഉപഭോക്താക്കൾക്ക് ലഭിക്കാൻ വഴിയൊരുക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly